# ദുഃഖ വെള്ളി

## വചന വിചിന്തനം

### വലിയ ആഴ്ച

ലൂക്കാ 22,63-23,12

***"കർത്താവിനെയും കള്ളനെയും തൂക്കി നോക്കി***

***കള്ളന്റെ പക്ഷം ചേരുന്ന ജനം ഇന്നും അന്യം നിന്ന് പോയിട്ടില്ല!"***

*ക്രിസ്തു പറയുന്നു, "ആരും സഹിക്കാതിരിക്കാൻ ഞാൻ സഹിക്കാം!' ചിലപ്പോൾ, സ്നേഹം സഹനങ്ങൾക്ക് കാരണമാകും!*

ലോകം കണ്ടിട്ടുള്ളതിൽ വച്ച് വലിയ ഒരു എഴുത്തുക്കാരനാണ് സി.എസ്. ലൂയീസ്. ഇദ്ദേഹത്തിന്റെ നോബൽ സമ്മാനം നേടിയിട്ടുള്ള വിഖ്യാതമായിട്ടുള്ള കഥകളിൽ ഒന്നാണ് "സ്ക്രൂടേപ്പ് ലെറ്റേഴ്സ്." ഇതിന്റെ ഇതിവൃത്തം ഏറ്റവും മനോഹരമാണ്. നായകൻ ഏറെ കാലം വഴിപിഴച്ച ജീവിതം നയിച്ച വ്യക്തിയാണ്. ഒരുനാൾ ഇദ്ദേഹം നേരിന്റെ പാത തിരഞ്ഞെടുത്ത് ഏറ്റവും വിശുദ്ധമായ ജീവിതം നയിക്കാൻ ആരംഭിക്കുകയാണ്. ഈ മനുഷ്യന്റെ നല്ല നടപ്പിൽ ലോകം അയ്യാളെ നോക്കി അസൂയപെടുന്നു. ലോകം അസൂയപ്പെടുന്നതുപോലെ തന്നെ സാത്താന്റെ ലോകവും അദ്ദേഹത്തെ വീണ്ടും തിൻമയിലേയ്ക്ക് കൊണ്ട് വരാൻ കിണഞ്ഞ് പരിശ്രമിക്കുകയാണ്. ഈ ദൗത്യത്തിന് വേണ്ടി സാത്താന്റെ ലോകം ഭരമേൽപ്പിച്ചത് ഒരു കുട്ടിപിശാചിനെയാണ്. ഏറെ കിണഞ്ഞ് പരിശ്രമിച്ചിട്ടും അദ്ദേഹത്തെ തെറ്റിന്റെ ലോകത്തേയ്ക്ക് കൊണ്ടുവരാൻ കുട്ടിപിശാചിന് സാധിക്കുന്നില്ല. അവസാനം, കുട്ടിപിശാച് തന്റെ ദൗത്യത്തിന്റെ പൂർത്തികരണത്തിനായ് തന്റെ അമ്മാവന്റെ സഹായം തേടുകയാണ്. കുലംകഷമായ ചർച്ചക്കൊടുവിൽ ചെകുത്താൻ പറയുകയാണ്;

"നാളിതുവരെയുള്ള എന്റെ ജീവിതത്തിൽ എനിക്ക് മനസിലാകാത്ത ഒരു കാര്യം മാത്രമെയൊള്ളു; എന്തിനാ ദൈവം ഇത്രമാത്രം മനുഷ്യനെ സ്നേഹിക്കുന്നത്? മനുഷ്യർ നെറി കെട്ടവരും തരം കിട്ടിയാൽ ദൈവത്തെ ദ്രോഹിക്കുന്നവരുമാണ്. എന്നിട്ടും, ദൈവം അവരെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. ഒരായുസ്സുകൊണ്ട് നാം തീർത്ത തിന്മകളുടെ കോട്ടകളെ ദൈവം തന്റെ ഒരു നിമിഷത്തെ സ്നേഹം കൊണ്ട് തച്ചുടയ്ക്കുന്നു. എന്തിനാ ദൈവം ഇത്രമാത്രം മനുഷ്യനെ സ്നേഹിക്കുന്നെ?"

ദൈവമേ, നിന്റെ കുരിശിന്റെ മായാത്ത മുദ്ര എന്റെ ഹൃദയത്തിൽ പതിപ്പിക്കണമേ എന്നുള്ള വലിയ പ്രാർത്ഥനകളോടെ ക്രിസ്തുവിന്റെ കുരിശിന് താഴെ നിൽക്കുമ്പോൾ കുരിശിലെ സ്നേഹത്തെ ധ്യാനിക്കാൻ ഇതിനേക്കാൾ വലിയ സംഭവമില്ല. കർത്താവിനെയും കള്ളനെയും തൂക്കിനോക്കി കള്ളനാണ് ഭേതമെന്ന് പറഞ്ഞ് കർത്താവിനെ ക്രൂശിലേറ്റാൻ വിട്ടുകൊടുത്തിട്ടും ക്രിസ്തുവിന് മനുഷ്യനോടുള്ള സ്നേഹം ഒട്ടും പോലും കുറഞ്ഞില്ല. "സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13) എന്ന് പഠിപ്പിച്ചവൻ ജീവിതം കൊണ്ട് കാണിച്ചുതരികയാണ് എങ്ങനെയാണ് സ്നേഹിക്കേണ്ടതെന്ന്. "നമ്മെളെ ഹൃദയത്തോട് ചേർത്തുപിടിച്ചവർ മാത്രമല്ല നമ്മുടെ സ്നേഹിതർ. മറിച്ച്, നാം ഹൃദയത്തോട് ചേർത്തുപിടിച്ചവരും നമ്മുടെ സ്നേഹിതരാണ്." അതുകൊണ്ടാണ് മുതിർന്നവർ പറയുന്നത്, "എന്തിനുവേണ്ടി സഹിക്കുന്നു എന്നറിയുന്നവൻ എങ്ങനെയും സഹിക്കുമെന്ന്." ക്രിസ്തു സഹിച്ചുകൊണ്ട് സ്നേഹിക്കുകയാണ്, അവസാന തുള്ളി രക്തം പോലും താൻ സ്നേഹിച്ചവർക്ക് സമ്മാനമായ് നൽകി "രക്ഷ" സമ്മാനിച്ചുകൊണ്ട്.

"സഹനങ്ങളാണ് ഒരുവന്റെ ആത്മീയത അളക്കുന്നതിനുള്ള അളവുക്കോൽ." ക്രിസ്തുവിന്റെ സഹനങ്ങളിലേയ്ക്ക് ഒന്നു എത്തിനോക്കുക. എന്തുമാത്രം ശാന്തതയോടുകൂടിയാണ് സഹനങ്ങളിലേയ്ക്ക് അവൻ നടന്നടുക്കുന്നത്. "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ 23,46) എന്ന് പറഞ്ഞ്

ക്രൂരമായ സഹനങ്ങളിൽ പോലും നിശബ്ദനായി മരണത്തെ പുണരുകയാണ് ക്രിസ്തു. കർത്താവിന് കാവൽ നിന്ന് ശതാധിപൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ശാന്തമായ മരണം. ഇതു കണ്ട് ശതാധിപൻ വിളിച്ച് പറയുകയാണ്, "സത്യമായും ഇവൻ ദൈവപുത്രനായിരുന്നു" (മത്താ 27,54). ഏറ്റവും ക്രൂരമായിട്ടുള്ള മരണങ്ങളിൽ ഒന്നാണ് കുരിശുമരണം. കുരിശിൽ തൂങ്ങികിടക്കുന്നവന്റെ ശരീരം മുഴുവൻ അടിയേറ്റുണ്ടായ വ്യണങ്ങളാണ്. കൈതണ്ടകളുടെ മേൽ അടിച്ചുകയറ്റിയ ആണികളുടെമേൽ മണിക്കൂറുകളോളം തൂങ്ങി മരണത്തെ കാത്തുകിടക്കുന്ന ഹതഭാഗ്യൻ. രക്തമെല്ലാം വർന്നുപോയ്, തൊണ്ട വരണ്ട്, നാവ് അണ്ണാക്കിലൊട്ടി, ഒന്നു ശ്വാസം വലിക്കാൻ പോലും സാധിക്കാതെ സഹിക്കുന്നവന്റെ ചിത്രമാണ് കുരിശിൽ നാം കാണുക. ഒരു വാക്കുപ്പോലും പറയാൻ സാധിക്കാതെ, എന്തിനേറെ, ഒന്നു ശ്വാസം വലിക്കണമെങ്കിൽപ്പോലും കാൽപാദങ്ങളിൽ തുളച്ച് കയറ്റിയിട്ടുള്ള ആണികളുടെമേൽ ആയാസപ്പെട്ട് കയറിനിന്നിട്ടുവേണം. ശ്വാസം മുട്ടിയാണ് ക്രൂശിലേറ്റപ്പെട്ടവൻ മരിക്കുക. ഇത്രമാത്രം സഹനങ്ങൾ ഏറ്റെടുത്തിട്ടും ക്രിസ്തുവിന് പരാതിയില്ല. കാരണം, ചിന്തകനായ നീഷെ പറയുന്നതുപ്പോലെ, "എന്തിന് വേണ്ടി സഹിക്കുന്നു എന്നറിയുന്നവൻ എങ്ങനെയും സഹിക്കും!"

കുരിശിന്റെ വഴിയിൽ വേദനിപ്പിക്കുന്നവർ മാത്രമല്ല, സഹായിക്കുന്നവരും ആശ്വാസം പങ്കുവയ്ക്കുന്ന മുഖങ്ങളും കരങ്ങളുമുണ്ട്. ഓടിയെത്തുന്ന പ്രിയമാതാവ്, മുഖതുടയ്ക്കുന്ന വെറോനിക്ക, കുരിശിന്റെ ഭാരം കുറയ്ക്കുന്ന ശിമയോൻ, ഭക്തസ്ത്രീകൾ...

ഈശോയുടെ കുരിശിന്റെ പിൻഭാഗം ഇന്നും ഒഴിഞ്ഞ് തന്നെയാണ് കിടക്കുന്നത്. മഹാനായ ഒരു വിശുദ്ധനെ കുറിച്ച് കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പേര് ക്ലോവേദിയ എന്നാണ്. അദ്ദേഹം ഒരു അകത്തോലിക്കനായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹിതരിലൂടെയും അയൽക്കാരിലൂടെയും ക്രിസ്തുവിനെ കുറിച്ച് അറിയുകയാണ് ക്ലോവേദിയ. ഏറെനാളത്തെ കത്തോലിക്കാവിശ്വാസത്തെക്കുറിച്ചുള്ള പഠനത്തിനും പ്രാർത്ഥനയ്ക്കും ശേഷം അദ്ദേഹം കത്തോലിക്കനാകാൻ തിരുമാനിക്കുകയാണ്. ക്ലോവേദിയ മെത്രാനച്ചനെ ചെന്ന്കണ്ട് തന്റെ ആഗ്രഹം പ്രകടിപ്പിച്ചു. മെത്രാനച്ചൻ ഒരു ബൈബിൽ കൊടുത്തിട്ട് പറഞ്ഞു, "ഒരു മാസം കഴിയുമ്പോൾ ഇതെല്ലാം പഠിച്ച് വരുക. ഞാൻ ചില ചോദ്യങ്ങൾ ചോദിക്കും. വിശ്വാസത്തിൽ വളർന്നിട്ടുണ്ടെങ്കിൽ ഞാൻ മാമ്മോദിസ നൽകി കത്തോലിക്കനാക്കാം." വളരെ സന്തോഷത്തോടു കൂടിയാണ് ക്ലോവേദിയ വീട്ടിലേയ്ക്ക പോയത്. കാരണം, ഒരു മാസം കഴിഞ്ഞാൻ താൻ ആഗ്രഹിക്കുന്നതുപ്പോലെ കത്തോലിക്കനാകാം.



ഒരു മാസം കഴിഞ്ഞപ്പോൾ ക്ലോവേദിയ മെത്രാനച്ചനെ കാണ്ടു തന്റെ കാര്യം ഉന്നയിച്ചു. മെത്രാനച്ചൻ ക്ലോവേദിയായ്ക്ക് കൊടുത്ത ബൈബിൾ തിരിച്ച വാങ്ങിയിട്ട് ഒരു ചോദ്യം മാത്രമെ ചോദിച്ചൊള്ളു,

"ഇന്ന്, നിങ്ങളുടെ മുമ്പിൽ വച്ച് ക്രിസ്തുവിനെ പടയാളികൾ ക്രൂശിക്കുന്നതായ് കണ്ടാൽ താങ്കൾ എന്തു ചെയ്യും?"

ക്ലോവേദിയ ഒരൽപ്പസമയം ആലോചിച്ച് നിന്നിട്ട് പറഞ്ഞു, "ഞാൻ അവിടെയുള്ള പടയാളികളെയെല്ലാം കൊന്നൊടുക്കിയിട്ട് കർത്താവിനെ അവിടെ നിന്ന് രക്ഷിക്കും." മെത്രാനച്ചൻ പറഞ്ഞു, "നിന്റെ വിശ്വാസം ഇനിയും ഉറച്ചിട്ടില്ല. പോയി ഒരുമാസം കഴിഞ്ഞിട്ട് വാ." മനസ്സില്ലാ മനസോടെ അദ്ദേഹം തിരിച്ചു പോയി. വീണ്ടും ഒരു മാസം കഴിഞ്ഞപ്പോൾ ക്ലോവേദിയ മെത്രാനച്ചന്റെ മുമ്പിലെത്തി തന്റെ ഹിതം വീണ്ടും അറിയിച്ചു. മെത്രാനച്ചൻ ആദ്യം ചോദിച്ച ചോദ്യം തന്നെ ആവർത്തിച്ചു; "ഇന്ന്, നിങ്ങളുടെ മുമ്പിൽ വച്ച് ക്രിസ്തുവിനെ പടയാളികൾ ക്രൂശിക്കുന്നതായ് കണ്ടാൽ താങ്കൾ എന്തു ചെയ്യും?" ക്ലോവേദിയ കരുതി, താൻ പടയാളികെ കൊന്നു രക്ഷിക്കും എന്ന് പറഞ്ഞതാകാം കഴിഞ്ഞപ്രാവശ്യം മെത്രാനച്ചന് ഇഷ്ടമാകാതിരുന്നത്. അതുകൊണ്ട്, ക്ലോവേദിയ മറുപടി പറഞ്ഞു,

"പടയാളികളുടെ ജീവനെ ഹനിക്കാതെ തന്നെ, എങ്ങനെയെങ്കിലും ക്രിസ്തുവിനെ അവിടെ നിന്ന് രക്ഷിക്കും." മെത്രാനച്ചൻ മറുപടി പറഞ്ഞു, "പോര, നിന്റെ വിശ്വാസം ഇനിയും സ്ഥിരപ്പെടേണ്ടിയിരിക്കുന്നു. പോയി ഒരു മാസം കഴിഞ്ഞ് വീണ്ടും വാ." തീർത്തും നീരാശനായാണ് അന്ന് ക്ലോവേദിയ വീട്ടിലേയ്ക്ക് പോയത്. വീണ്ടും ഒരു മാസം കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും മെത്രാനച്ചനെ കാണാൻ, തന്റെ ആഗ്രഹം അറിയിക്കാൻ

എത്തി. മെത്രാനച്ചൻ ഒരു പുഞ്ചിരി സമ്മാനിച്ചിട്ട് വീണ്ടും പഴയ ചോദ്യം തന്നെ ആവർത്തിച്ചു. അന്ന് ക്ലോവേദിയ മറുപടി പറഞ്ഞത് ഇപ്രകാരമാണ്;

"എന്റെ കൺമുമ്പിൽ വച്ച് പടയാളികൾ കർത്താവിനെ ക്രൂശിക്കുന്നതായി കണ്ടാൽ ഞാൻ ആ പടയാളികളോട് പറയും, 'ഈ കുരിശിന്റെ മറുപുറം ഒഴിഞ്ഞ് കിടക്കുകയാണ്. ആ ഒഴിഞ്ഞ് കിടക്കുന്ന ഇടത്തിൽ എന്നെ കൂടി ക്രൂശിതനോടൊപ്പം ക്രൂശിക്കണ'മെന്ന്." മെത്രാനച്ചൻ ക്ലോവേദിയായുടെ മറുപടിയിൽ സന്തോഷവാനാവുകയാണ്. ഉടനെ തന്നെ ക്ലോവേദിയാക്ക് മെത്രാനച്ചൻ മാമ്മോദിസ നൽകി.

'മമ്മോദീസ' എന്നത് ക്രിസ്തുവിന്റെ കുരിശിന്റെ പുറകിൽ സ്വയം ക്രൂശിക്കാനായുള്ള വിട്ടുകൊടുക്കലാണ്. ക്രിസ്തുവിന്റെ കുരിശിന്റെ പുറക് ഇന്നും ഒഴിഞ്ഞ് തന്നെ കിടക്കുകയാണ്. "കർത്താവേ നിന്റെ കുരിശിന്റെ മായത്ത മുദ്ര എന്റെ ഹൃദയത്തിൽ പതിപ്പിക്കണമേ..." എന്നുള്ള വലിയ പ്രാർത്ഥനകളോടു ക്രിസ്തുവിന്റെ കുരിശിന്റെ അടിയിൽ ഇടം പിടിക്കുമ്പോൾ, കുരിശിൽ കിടക്കുന്ന ക്രൂശിതൻ നമ്മെ ക്ഷണിക്കുന്നത്, "കുരിശിന്റെ പുറകിൽ ഒഴിഞ്ഞ് കിടക്കുന്ന ഇടങ്ങളിലേയ്ക്കാണ്." ആ ഇടത്തിലേയ്ക്ക് എന്നെ സമർപ്പിക്കാൻ സാധിക്കുന്നില്ലെങ്കിൽ 'ദുഃഖവെള്ളി' സാധാരണ ഒരു വെള്ളിയേപ്പോലെ ഇന്നും കടന്നുപോകും.

വേദനിക്കുന്നവരാരും തനിച്ചല്ല എന്നുള്ള വലിയ ഓർമ്മപ്പെടുത്തലാണ് ദുഃഖവെള്ളി. ബറാബ്ബാസിനെ ക്രിസ്തു കുരിശിൽ നിന്ന് രക്ഷിച്ചു. കർത്താവിന്റെ ഇടവും വലവും കുരിശിൽ കിടന്നു സഹിച്ചവർക്കിടയിലും കർത്താവുണ്ടായിരുന്നു....

"ദുഃഖവെള്ളി"യെ ഇംഗ്ലീഷിൽ "Good Friday"എന്നാണ് വിളിക്കുന്നത്. എന്തുകൊണ്ടാണ് 'ദുഃഖവെള്ളി'യെ ഇംഗ്ലീഷിൽ "Sad Friday"എന്ന് വിളിക്കാതെ "Good Friday" എന്ന് വിളിക്കുന്നതെന്ന് തിരിച്ചറിയണമെങ്കിൽ വലിയ ഒരു ധ്യാനം "ദുഃഖവെള്ളി"ക്ക് സമ്മാനിക്കണം. തീർച്ചയായും, ദുഃഖവെള്ളി കർത്താവിന്റെ മരണദിനമാണ്. അതിൽ നമുക്ക് വേദനയുണ്ട്. പക്ഷെ, കർത്താവിന്റെ മരണം മനുഷ്യകുലത്തിന് സമ്മാനിച്ചത് "രക്ഷ." "രക്ഷ"യിലൂടെ അവൻ നേടിയെടുത്തത് ""നഷ്ടപ്പെട്ട പറുദീസയാണ്." എങ്കിൽ ക്രിസ്തുവിന്റെ സഹനം നമുക്ക് സമ്മാനിച്ചത് "രക്ഷ"യും അതു വഴിയായ് "നഷ്ടപ്പെട്ട പറുദീസ"യുമാണ്. എങ്കിൽ, "ദുഃഖവെള്ളി"ദിനത്തിൽ കർത്താവ് നമ്മോട് ചോദിക്കുന്ന വലിയ ചോദ്യം, "മറ്റുള്ളവർക്ക് രക്ഷ സമ്മാനിക്കാൻ സഹനങ്ങൾ ഏറ്റെടുക്കാൻ നീ തയ്യാറാണോ?"

2003 ലെ 'പോളിയോ' നിർമാർജ്ജനയജ്ഞത്തിന്റെ പരസ്യം ഇപ്രകാരമായിരുന്നു. ചേട്ടനെ ഒക്കത്തുകയറ്റി ഭിക്ഷ യാജിക്കുന്ന അനിയൻ. ഒരു വ്യക്തി വന്ന് കുറച്ച് പണം ഇവർക്ക് സമ്മാനിച്ചിട്ട് അനിയനോട് ചോദിക്കുകയാണ് "Is he burden?" (ഇവൻ നിനക്ക് ഭാരമല്ലേ?) അനിയൻ തിരിച്ച് പറയുകയാണ് "No, he is not burden, because he is my Brother?" (ഇവൻ എനിക്ക് ഭാരമല്ല. കാരണം, ഇവൻ എന്റെ സഹോദരനാണ്). ഈശോ കുരിശിലേറിയത് താൻ എന്തുമാത്രം ലോകത്തെ സ്നേഹിക്കുന്നു എന്ന് കാണിക്കുന്നതിന് വേണ്ടിയാണ്. പ്രിയപ്പെട്ടവർക്ക് വേണ്ടി നാം സഹനങ്ങൾ ഏറ്റെടുക്കുമ്പോഴും അതിന്റെ പിന്നിലുള്ള രഹസ്യം ഇതുതന്നെയാണ്, "നാം എന്തുമാത്രം അവരെ സ്നേഹിക്കുന്നുവെന്ന്." ക്രിസ്തു പഠിപ്പിച്ചു, "സ്നേഹിതനുവേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന്" (യോഹ 15,13). ക്രിസ്തു പഠിപ്പിച്ചത് ജീവിതംകൊണ്ട് കാണിച്ചുതന്നു, "ഉള്ളും ഉള്ളതും കൊടുക്കുന്നതാണ് സ്നേഹമെന്ന്." രക്ഷപ്പെടാൻ മാറ്റുമാർഗ്ഗമൊന്നുമില്ല എന്നുകാണുമ്പോൾ സഹനം എറ്റെടുക്കുന്നവരാണ് നാം. എന്നാൽ, ക്രിസ്തു സഹനങ്ങളെ സമർപ്പണമാക്കി മാറ്റുകയാണ്. അവൻ സഹനങ്ങളിലേയ്ക്ക് സ്നേഹപൂർവ്വം തന്നെതന്നെ സമർപ്പിക്കുകയാണ്. അത് ലോകം മുഴുവന്റെയും രക്ഷയ്ക്ക് നിദാനമായി!

***"സഹനം = ദുഃഖവെള്ളിയാഴ്ച്ചയിൽ നിന്ന് ഈസ്റ്ററിലേയ്ക്കുള്ള ദൂരം മൂന്ന് ദിവസം.***

***സന്തോഷം = ഈസ്റ്ററിൽ നിന്ന് ദുഖവെള്ളിയാഴ്ച്ചയിലേയ്ക്കുള്ള ദുരം 362 ദിവസം!"***

....................................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931